# "സൗമ്യതയോടെ പ്രവൃത്തികളെ കാണിക്കുക"

യാക്കോബ് 3:13

"നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ.''

നാം എല്ലാവരും സ്വയം ജ്ഞാനിയെന്നും വിവേകിയെന്നും അറിവിന്റെ നിറകുടമെന്നുമൊക്കെ വിശേഷിപ്പിക്കുന്നവരാണ്. അങ്ങനെയെങ്കിൽ വചനം നമ്മോട് എന്താണ് പറയുന്നത്, ജ്ഞാനലക്ഷണമായ സൗമ്യതയോട് കൂടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ എന്നാണ്.

അങ്ങനെയെങ്കിൽ നമ്മൾ യഥാർഥ വിവേകിയാണോ? ജ്ഞാനിയാണോ? നമ്മുടെ വാക്കിലും പ്രവൃത്തിയിലും സൗമ്യതയുണ്ടോ? എന്നാലിന്ന് നമ്മുടെ ഉള്ളിൽ കുടിയിരിക്കുന്നത് എന്താണെന്ന് ഒന്നു സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാണാം കൈപ്പുള്ള ഈർഷ്യയും, ശാഠ്യവും, കോപവും അങ്ങനെ നീളുന്നു അതിന്റെ നിര. പക്ഷെ ഇതൊന്നും പുറത്തു കാണിക്കാതെ സൗമ്യതയുടെ മുഖംമൂടി അണിയാൻ ശ്രമിക്കുന്നവരാണ് നമ്മിൽ പലരും. അത് ഉയരത്തിൽ നിന്ന് വരുന്ന ജ്ഞാനമല്ല എന്നു വചനം പറയുന്നു; ഭൗമീകവും, പ്രാകൃതവും, പൈശാചികവുമായതത്രേ.

യാക്കോബ് 3:17–ൽ പറയുന്നു, "ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലവും, പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും, കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇലാത്തതുമാകുന്നു.''

അങ്ങനെയെങ്കിൽ നമ്മൾ ആരാണ്? പലപ്പോഴും നമ്മൾ ഇരുമനസ്സുള്ളവരാണ്. നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. "കർത്താവിന്റെ സന്നിധിയിൽ താഴുവിൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും.''

അതുകൊണ്ട് നമ്മളെ തന്നെ ഒന്നു ശോധന ചെയ്യാം. എല്ലാ വിദ്വേഷവും വെടിഞ്ഞ് നിർമ്മലചിത്തരായി, നല്ല നടപ്പിൽ ആയിരിക്കാം. സ്വയം ജ്ഞാനിയെന്ന് അവകാശപ്പെടാതെ ജ്ഞാനത്തിന്റെ ഉറവിടമായ ദൈവത്തിന്റെ കരത്തിൻ കീഴിൽ താണിരിക്കാം. അവന്റെ ഹിതത്തിനായി സമർപ്പിച്ച് കൊടുക്കാം.

പരാമർശം :

"അതു കൊണ്ട് ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു."

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 006